# അദ്ധ്യായം - 32



*ഗുരുവിനെയും ദൈവത്തേയും അന്വേഷിച്ച് – നിരാഹാരം അംഗീകരിക്കുന്നില്ല.*

*ഈ അദ്ധ്യായത്തിൽ ഹേമദ്പാന്ത് രണ്ട് കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്. 1) ബാബ കാട്ടിൽവെച്ചു ഗുരുവിനെയും ഗുരുവിൽകൂടെ ദൈവത്തെയും കണ്ടുവെന്ന് 2) മൂന്നു ദിവസങ്ങൾ നിരാഹാരവ്രതം എടുക്കാൻ തീരുമാനിച്ച് മിസ്സിസ്സ് ഗോഖലയെ ബാബ പുരൻപോളി തീറ്റിയത് എങ്ങിനെയാണ്.*

## മുഖവുര

തുടക്കത്തിൽ ഹേമദ്പാന്ത് സംസാരത്തെ ഗീതയിൽ പറഞ്ഞപോലെ 'ഊർദ്ധമൂലം അധഃശാഖം' എന്ന നിലയിൽ ഉള്ള അശ്വത്ഥവൃക്ഷത്തോട് താരതമ്യപ്പെടുത്തി വിവരിക്കുന്നു. അതിന്റെ ശാഖകൾ മേലോട്ടും കീഴോട്ടും വളർന്ന് ഗുണങ്ങളിൽ നിന്നും പോഷകങ്ങൾ എടുക്കുന്നു. അതിന്റെ തളിരുകൾ ഇന്ദ്രിയവിഷയങ്ങളാണ്. അതിന്റെ വേരുകൾ, കർമ്മത്തിലേക്ക് നയിച്ചുകൊണ്ട് മനുഷ്യലോകത്തിൽ വ്യാപൃതമായി

രിക്കുകയാണ്. അതിന്റെ ആകൃതി ഇഹലോകത്തിൽ അറിയപ്പെടുന്നതല്ല. അതുപോലെ തന്നെ അതിന്റെ ആദ്യമോ അവസാനമോ ആലംബമോ ആർക്കും അറിയുന്നില്ല. ഈ രൂഢമൂലമായ അശ്വത്ഥ വൃക്ഷത്തെ നിസ്സംഗമാകുന്ന മൂർച്ചയേറിയ ആയുധം കൊണ്ട് ഛേദിച്ച് മുന്നോട്ടുള്ള വഴിതേടേണ്ടതും ആ വഴിയെപോയാൽ ഒരിക്കലും മടങ്ങിപ്പോകേണ്ടതില്ലാത്തതു മാകുന്നു.

ഈ വഴിയെപ്പോകാൻ നല്ല ഒരു വഴികാട്ടി (ഗുരു) അത്യാന്താപേക്ഷിതമാണ്. ഒരുവൻ എത്രമാത്രം പണ്ഡിത നായാലും എത്രമാത്രം അയാൾ വേദവും വേദാന്തവും പഠിച്ചിരുന്നാലും അയാൾക്ക് അയാളുടെ പ്രാപ്യസ്ഥാനത്ത് സുരക്ഷിതമായി എത്തുവാൻ കഴിയുന്നില്ല. വഴികാട്ടി അയാളോടൊപ്പമുണ്ടായി നേർവഴിയിലൂടെ കൊണ്ടു പോകുമ്പോൾ വന്യമൃഗങ്ങളെയും അഗാധഗർത്തങ്ങളെയും അയാൾ ഒഴിവാക്കി സുഗമമായ വഴിയിലൂടെ പോകാൻ ശക്തനാവുന്നു. ബാബയുടെ അനുഭവം തന്നെ. ബാബ പറഞ്ഞതായി നമുക്കറിയാൻ കഴിയുന്നത് വിസ്മയാവഹവും ആ കഥ ശ്രദ്ധിക്കുന്നവർക്ക് അടിയുറച്ച വിശ്വാസവും ഭക്തിയും മോക്ഷവും സുസാദ്ധ്യമാകുന്നതുമാണ്.

## അന്വേഷണം (ബാബയുടെ കഥ)

'ഒരിക്കൽ ഞങ്ങൾ നാലുപേർ പുരാണേതി ഹാസങ്ങളൊക്കെ പഠിച്ച് വിജ്ഞാനം സമ്പാദിച്ച് ബ്രഹ്മന്റെ സ്വാഭാവത്തെപ്പറ്റി ചർച്ച ചെയ്യുകയായിരുന്നു. ഞങ്ങളി ലൊരാളുടെ അഭിപ്രായം നാം തന്നെ നമ്മെ ഉന്നമനത്തി ലെത്തിക്കണമെന്നും അതിൽ ആരേയും ആശ്രയിക്കേണ്ട തില്ലെന്നു മായിരുന്നു. രണ്ടാമന്റെ അഭിപ്രായം മനസ്സിനെ

നിയന്ത്രിക്കാനാവുന്നവൻ അനുഗ്രഹീതനാണെന്നും നാം ചിന്തയിൽ നിന്നും സ്വതന്ത്രനായാൽ നാമല്ലാതെ ലോകത്തി ലൊന്നുമില്ലെന്ന് ബോദ്ധ്യപ്പെടുമെന്നുമായിരുന്നു. മൂന്നാമൻ പറഞ്ഞത് ലോകം സദാ മാറിക്കൊണ്ടിരിക്കുന്നതാണെന്നും മാറ്റമില്ലാത്തത് അരൂപബ്രഹ്മം മാത്ര മാണെന്നും അതുകൊണ്ട് നമുക്ക് യഥാർത്ഥവും അയഥാർത്ഥ്യവും തമ്മിൽ തിരിച്ചറിയാനുള്ള വിവേകമാണ് വേണ്ടത് എന്നുമായിരുന്നു. നാലാമൻ (അതായത് ബാബതന്നെ) അഭിപ്രായപ്പെട്ടത് പുസത്കം പഠിച്ച വിവരം പ്രയോജന ശൂന്യമാണെന്നും നാം നമ്മുടെ കൃത്യങ്ങൾ നിർവ്വഹിച്ച് ശരീരവും മനസ്സും പ്രാണങ്ങളും ഗുരുപാദത്തിങ്കൽ അർപ്പിക്കേണ്ടതാണെന്നും ഗുരു ദൈവം തന്നെയാണെന്നും ആ ബോധം മനസ്സിലുദിക്കാൻ സീമാതീതമായ വിശ്വാസം അത്യാവശ്യമാണെന്നുമായിരുന്നു.

ഇങ്ങിനെ ചർച്ചചെയ്തുകൊണ്ട് പണ്ഡിതന്മാരായ ഞങ്ങൾ നാലുപേരും ദൈവാന്വേഷികളായി ഒരു കാട്ടിന്നുള്ളിലൂടെ നടക്കാൻ തുടങ്ങി. മറ്റു മൂന്നുപേർക്കും ആരുടെ സഹായവും കൂടാതെ സ്വതന്ത്ര ബുദ്ധിയോടുകൂടി അന്വേഷണം നടത്തണമെന്നായിരുന്നു. വഴിക്കുവെച്ച് ഒരു വനജാരി (ധാന്യം മുതലായവ കാളപ്പുറത്ത് വെച്ച് നടന്ന് കച്ചവടം ചെയ്യുന്ന താണജാതിയിൽപ്പെട്ട ഒരാൾ) ഞങ്ങളെകണ്ട് ചോദിച്ചു. 'ഇപ്പോൾ നല്ല ചുട്ട വെയിലാണല്ലോ. നിങ്ങൾ ഇങ്ങനെ എത്രകണ്ട് ദൂരം എവിടംവരെ പോകുന്നു' ഞങ്ങൾ കാട്ടിൽ തിരയാൻ പോകുകായയണെന്നും മറുപടി പറഞ്ഞു. അപ്പോൾ നിങ്ങൾ എന്ത് തിരഞ്ഞാണ് പോകുന്നത് എന്നു ചോദിച്ചതിന് ഞങ്ങൾ ഒഴികഴിവായി ചില മറുപടിയും കൊടുത്തു. ഞങ്ങൾ ഒരു പ്രത്യേക ഉദ്ദേശമില്ലാതെ നടക്കുന്നവരാണെന്ന് കണ്ട് അയാൾ വീണ്ടും ഇപ്രകാരം പറഞ്ഞു. 'ഈ കാട് വേണ്ടപോലെ

അറിയാതെ ഇതിൽ നിങ്ങൾ ചുറ്റിത്തിരിയരുത്. നിങ്ങൾക്ക് ഘോരവനങ്ങളിൽ സഞ്ചരിക്കണമെന്നുണ്ടെങ്കിൽ ഒരു വഴി കാട്ടിയെ കൂട്ടണം. ഈ ചൂടെടുക്കുന്ന ഉച്ചസമയത്ത് എന്തിനാണ് നിങ്ങൾ അനാവശ്യമായി അലഞ്ഞുനടന്ന് ക്ഷീണിതരാവുന്നത്? നിങ്ങളുടെ രഹസ്യാന്വേഷണത്തെപറ്റി എന്നോട് പറയണ മെന്നില്ല. എന്നാലും നിങ്ങൾക്ക് ഇവിടെ ഇരുന്ന് ഭക്ഷണം കഴിച്ച്, വെള്ളം കുടിച്ച് അല്പം വിശ്രമിച്ച് പോകാം. ക്ഷമാശീലമാണ് എപ്പോഴും വേണ്ടത്' അയാൾ വളരെ ദയയോട് കൂടിയാണ് പറഞ്ഞതെങ്കിലും അയാളുടെ അപേക്ഷ നിരസിച്ച് ഞങ്ങൾ പോകുകതന്നെ ചെയ്തു. ഞങ്ങൾക്ക് വേണ്ടത് ഞങ്ങൾ ക്കറിയാമെന്നും ആരുടെയും സഹായം ഞങ്ങൾക്ക് ആവശ്യ മില്ലെന്നുമായിരുന്നു ഞങ്ങളുടെ വിശ്വാസം. കാട് വളരെ ഇടുങ്ങിയതും യാതൊരു ചവിട്ടടിപ്പാതപോലും ഇല്ലാത്തതു മായിരുന്നു. കുറച്ചുകൂടി പോയപ്പോഴേക്കും വൃക്ഷനിബിഡത കൊണ്ട് സൂര്യരശ്മിക്കും കൂടി പ്രവേശിക്കാനാവാതെ ഇരുളടഞ്ഞതായിട്ടാണ് കണ്ടത്. അങ്ങനെ ഞങ്ങൾ വഴിപിഴച്ച് പലവഴിക്കും വളരെ നേരം അലഞ്ഞു തിരിഞ്ഞു നടന്നു. അവസാനം ഭാഗ്യവശാൽ ഞങ്ങൾ പുറപ്പെട്ട സ്ഥലത്തുതന്നെ വന്നുപെട്ടു. വനജാരി വീണ്ടം ഞങ്ങളെക്കണ്ട് 'നോക്കിൻ, നിങ്ങളുടെ സ്വന്തം കഴിവിൽ വിശ്വസിച്ച് നിങ്ങൾക്ക് വഴിതെറ്റി. ചെറുതായാലും വലുതായാലും എല്ലാ കാര്യത്തിലും നമുക്ക് മാർഗ്ഗനിർദ്ദേശം തരാൻ ഒരു വഴികാട്ടി ഉണ്ടായിരിക്കേണ്ടത് ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ്. വിശന്ന വയറുമായി നടത്തുന്ന ഒരന്വേഷണവും വിജയപ്രദമാക്കാൻ കഴിയുന്നില്ല. ദൈവ കല്പിതം കൊണ്ടല്ലാതെ നാം വഴിക്കുവെച്ച് ആരെയും കാണുന്നില്ല. തരുന്ന ഭക്ഷണം ഉപേക്ഷിക്കരുത്. വിളമ്പിയ പാത്രം തട്ടി നീക്കരുത്. ഭക്ഷണം കിട്ടുന്നത് വിജയസൂചനയായി

കണക്കാക്കണം.' എന്നു പറഞ്ഞു അയാൾ ഞങ്ങൾക്ക് ഭക്ഷണം തന്നുകൊണ്ട് ക്ഷമാശീലരും ശാന്തരുമായിരിക്കാൻ ആവശ്യപ്പെട്ടു. വീണ്ടും ഞങ്ങൾക്ക് അയാളുടെ ആതിഥ്യം ഇഷ്ടപ്പെടാതെ ഞങ്ങൾ അവിടുന്ന് പോയി. യാതൊരു ഭക്ഷണവും കഴിക്കാതെയും യാതൊരന്വേഷണവും നടത്താതെയും ദുർവ്വാശിക്കാരായ ഞങ്ങളിൽ മൂന്നുപേർ പോവാൻ തുടങ്ങി. വിശപ്പും ദാഹവും സഹിക്കവയ്യാത്ത ഞാൻ വനജാരിയുടെ സ്നേഹപൂർവ്വമുള്ള പെരുമാറ്റത്തിൽ ആകൃഷ്ടനായി. ഞങ്ങൾ പണ്ഡിതന്മാരാണെന്ന് സ്വയം വിശ്വാസിച്ചിരുന്നുവെങ്കിലും ദയാദാക്ഷിണ്യം എന്തെന്ന് ഞങ്ങൾക്കറിഞ്ഞുകൂടായിരുന്നു. വനജാരി, അക്ഷരജ്ഞാനമോ യോഗ്യതയോ ഇല്ലാത്ത ഒരു താണജാതിക്കാരനായിരുന്നു. എങ്കിലും അയാൾക്ക് സമസൃഷ്ടികളോടുള്ള സ്നേഹം ഹൃദയത്തിലുണ്ടായതിനാലാണ് ഞങ്ങളെ ഭക്ഷണത്തിനു ക്ഷണിച്ചത്. ഒരു പ്രത്യേക നേട്ടത്തിനുമല്ലാതെ മറ്റുള്ളവരെ സ്നേഹിക്കുന്നവനാണ് ജ്ഞാനി എന്നും അയാളുടെ ആതിഥ്യം സ്വീകരിക്കലാണ് വിജ്ഞാനസമ്പാദനത്തിനുള്ള നല്ല തുടക്കമെന്നും ഞാൻ തീരുമാനിച്ചു. അങ്ങിനെ ബഹുമാന പുരസ്സരം ഞാൻ അയാൾ തന്ന ഭക്ഷണം സ്വീകരിച്ച് ഭക്ഷിക്കുകയും വെള്ളം കുടിക്കുകയും ചെയ്തു.

അപ്പോഴേക്കും നോക്കുക ! ഗുരുപെട്ടെന്ന് പ്രത്യക്ഷപ്പെട്ട് ഞങ്ങളുടെ മുന്നിൽ വന്നുനിന്ന് 'എന്തായിരുന്നു തർക്കവിഷയം എന്നദ്ദേഹം ചോദിച്ചപ്പോൾ ഞാൻ ഉണ്ടായ സംഭവങ്ങളെല്ലാം അദ്ദേഹത്തോട് പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു നീ എന്റെ കൂടെ വരാനിഷ്ടപ്പെടുന്നുവോ? ഞാൻ നിനക്കുവേണ്ടത് കാണിച്ചുതാരം ഞാൻ പറയുന്നത് വിശ്വസിക്കുന്നവന് മാത്രമേ വിജയിക്കാൻ കഴിയൂ. 'എന്നു പറഞ്ഞു. മറ്റുള്ളവർ അദ്ദേഹം

പറഞ്ഞ വാക്കുകളിഷ്ടപ്പെടാതെ അവിടുന്ന് പോയി. ഞാൻ അദ്ദേഹത്തെ ബഹുമാനപുരസ്സരം നമസ്കരിച്ച് അദ്ദേഹത്തിന്റെ കല്പനകൾ സ്വീകരിച്ചു. അദ്ദേഹം എന്നെ ഒരു കിണറ്റിനരികെ കൊണ്ടുപോയി എന്റെ കാലുകൾ ഒരു കയറുകൊണ്ട് കെട്ടി തലകീഴായി കിണറ്റിനുള്ളിലേയ്ക്ക് ഒരു മരത്തിന്മേൽ കെട്ടിതൂക്കി. ഞാൻ വെള്ളത്തിൽ നിന്നും മൂന്നടി ഉയരത്തിലായിരുന്നു. വെള്ളം കൈകൊണ്ടോ, വായകൊണ്ടോ തൊടാൻ കഴിയുമായിരുന്നില്ല. എന്നെ ഇങ്ങനെ കെട്ടിത്തൂക്കി അദ്ദേഹം എവിടേക്കാ പോയി. നാലഞ്ചു മണിക്കൂർ കഴിഞ്ഞ് അദ്ദേഹം മടങ്ങിവന്ന് എന്നെ വേഗം പുറത്തേക്ക് എടുത്ത് 'എങ്ങിനെ ഉണ്ടായിരുന്നു' എന്ന് ചോദിച്ചു. 'ഞാൻ പരമാനന്ദത്തിലായിരുന്നു എന്നെപ്പോലുള്ള ഒരല്പന് താൻ അനുഭവിച്ച ആനന്ദം എങ്ങനെ വിവരിക്കാൻ കഴിയും? എന്ന് ഞാൻ മറുപടി പറഞ്ഞു. എന്റെ ഉത്തരം കേട്ട് സന്തുഷ്ടനായ ഗുരു എന്നെ ഗാഢാലിഗംനം ചെയ്ത് മേല്ലെല്ലാം തലോടി എന്നെ കൂടി താമസിപ്പിച്ചു. അദ്ദേഹം ഒരു തള്ളപ്പക്ഷി, കുഞ്ഞിനെ നോക്കുംപോലെ എന്ന നോക്കിയിരുന്നു. എന്നെ അദ്ദേഹം അദ്ദേഹത്തിന്റെ കമനീയമായ വിദ്യാലയത്തിൽ ചേർത്തി. അവിടെ ഞാൻ മാതാപിതാക്കന്മാരെപ്പോലും വിസ്മരിച്ചുപോയി. എന്റെ എല്ലാ ബന്ധങ്ങളും അവിടെ വച്ച് ഇല്ലാതാക്കി. എന്നെ സ്വതന്ത്രനാക്കി. അദ്ദേഹത്തിന്റെ കഴുത്തിൽ കെട്ടിപിടിച്ച് അദ്ദേഹത്തെ തന്നെ നിർന്നിമേഷനായി നോക്കിയിരിക്കാൻ ഞാനാഗ്രഹിച്ചു. അദ്ദേഹത്തിന്റെ രൂപം ദൃഷ്ടിയിൽ സ്ഥിരപ്രതിഷ്ഠമാക്കുന്നില്ലെങ്കിൽ അന്ധതയാണ് സുഖമെന്നു ഞാൻ വിശ്വാസിച്ചു. അത്തരത്തിലുള്ളതായിരുന്നു ആ വിദ്യാലായം അതിൽ പ്രവേശിച്ച് ഒരുത്തനും വെറു കയ്യോടെ മടങ്ങില്ല. എന്റെ ഗുരു എനിക്ക് സർവ്വസ്വമായിരുന്നു. എന്റെ





വീടും ധനവും മാതാപിതാക്കളും എല്ലാം അദ്ദേഹമായിന്നു. ഞാൻ എന്റെ എല്ലാ ജ്ഞാനേന്ദ്രിയങ്ങളും സ്വസ്ഥാനുപേക്ഷിച്ച് ദൃഷ്ടിയിൽ കേന്ദ്രീകരിക്കുകയും ദൃഷ്ടിയെ ഞാൻ ഗുരുവിൽ ഉറപ്പിക്കുയും ചെയ്തു. അത്തരത്തിലായിരുന്നു എന്റെ ഗുരു. എല്ലാ ധ്യാനവും അദ്ദേഹത്തെ മാത്രമല്ലാതെ മറ്റൊന്നും ഞാനറിഞ്ഞിരുന്നില്ല. അദ്ദേഹത്തെ ധ്യാനിച്ചുകൊണ്ടിരി ക്കുമ്പോൾ എന്റെ മനോബുദ്ധികൾ സ്തംഭിച്ചു പോകയാൽ ഞാൻ ശാന്ത നായി അദ്ദേഹത്തെ മനസ്സാ നമിക്കേണ്ടിവരു മായിരുന്നു. ഇതിലും വ്യത്യസ്തമായ പരിതസ്ഥികളുള്ള മറ്റു പല വിദ്യാലയങ്ങളുമുണ്ട്. വിദ്യാർത്ഥി അവിടെ പോയി പണവും അദ്ധ്വാനവും സമയവും ചിലവഴിച്ച് അവസാനം പശ്ചാത്തപി ക്കേണ്ടിവരുന്നു. അവിടങ്ങളിലെ ഗുരു അയാളുടെ ഗൂഢ ജ്ഞാനത്തെ പറ്റിയും നേർവഴിയെ പറ്റിയും വീമ്പടിക്കും. അയാളുടെ മഹാത്മ്യത്തെയും പുണ്യവാളത്വത്തേയും പ്രദർശിപ്പിക്കുമെങ്കിലും അയാളിൽ കരുണ മാത്രം കാണില്ല. അയാൾ കണ്ടമാനം പ്രസംഗിക്കും, ആത്മപ്രശംസ നടത്തും. പക്ഷെ അയാളുടെ വാക്കുകൾ ശിഷ്യന്റെ ഹൃദയത്തിൽ തട്ടുകയോ ശിഷ്യന് അവയിൽ വിശ്വാസം ജനിക്കുകയോ ചെയ്യുന്നില്ല. ആത്മാനുഭവമാണെങ്കിൽ അയാൾക്കൊട്ടില്ലതാനും. പിന്നെ എങ്ങിനെയാണ് അത്തരം വിദ്യാലയങ്ങൾ ശിഷ്യന്മാർക്കു ഉപകാരപ്രദമാവുന്നതും ശിഷ്യന് നേട്ടമുണ്ടാവുന്നതും? ഞാൻ പറഞ്ഞ ഗുരു അത്തരക്കാരനല്ലായിരുന്നു. അദ്ദേഹത്തിന്റെ അനുഗ്രഹംകൊണ്ട് എനിക്ക് യാതൊരദ്ധ്വാനമോ പഠിപ്പോ കൂടാതെ ആത്മജ്ഞാനം സിദ്ധിച്ചു. എനിക്ക് എല്ലാം പകൽവെളിച്ചം പോലെ വ്യക്തമായതിനാൽ ഒന്നും അന്വേഷിക്കാനില്ലായിരുന്നു. ഇങ്ങിനെ തലകീഴായി തൂക്കിയതിൽ എനിക്കെങ്ങിനെ ആനന്ദം സിദ്ധിച്ചു എന്നത്

ഗുരുവിന്നുമാത്രമെ അറിയാവു! ഞങ്ങൾ നാലുപേരിൽ ഒരാൾ കർമ്മാരാധനക്കാരനായിരുന്നതിനാൽ അയാൾക്ക് ഏതെല്ലാം കർമ്മമാണ് ചെയ്യേണ്ടത്, ഏതെല്ലാം ചെയ്തുകൂടാ എന്നു മാത്രമേ അറിവുണ്ടായിരുന്നുള്ളൂ. രണ്ടാമൻ ജ്ഞാനി യായിരുന്നതിനാൽ അയാളുടെ അറിവിനെക്കുറിച്ച് അഹംഭാവം മാത്രമായിരുന്നു അയാൾക്കുള്ളത്. മൂന്നാമൻ ഭക്തനായി രുന്നതിനാൽ എല്ലാ ദൈവത്തിൽ സമർപ്പിച്ചിരിക്കുക യായിരുന്നു. ഇവർ ചർച്ച തുടങ്ങിവെച്ചപ്പോൾ ദൈവത്തെപ്പറ്റി പ്രശ്നം പൊന്തിവന്ന് അവർ ദൈവത്തെ ആരുടെ സഹായവുമില്ലാതെ അന്വേഷണം തുടങ്ങിയതായിരുന്നു. വിവേകത്തിന്റെയും നിസ്സംഗത്വത്തിന്റെയും മൂർത്തീമൽഭാവമായ സായി, ആ നാലുപേരിൽ ഒരാളായിരുന്നു. ബാബ തന്നെ പരബ്രഹ്മ മായതിനാൽ ബാബ മറ്റുള്ളവരോട് ചേർന്ന് എന്തിനിങ്ങനെ ഭോഷത്വം പ്രവർത്തിച്ചു എന്ന് ചിലർ ചോദിച്ചേക്കാം. അതു മറ്റുള്ളവരുടെ നന്മക്കുവേണ്ടി ഒരു ഉദാഹരണത്തിനുവേണ്ടി മാത്രം ബാബ അങ്ങിനെ പ്രവൃത്തിച്ചതാണ്. ഇതു കണ്ട് മറ്റുള്ളവർ വഴി മനസ്സിലാക്കട്ടെ. സ്വയം ഒരവാതരമായിരുന്നിട്ടും വനജാരി കൊടുത്ത ഭക്ഷണം അന്നം ബ്രഹ്മമാണെന്ന് മനസ്സി ലാക്കി ബാബ സ്വീകരിച്ചു. വനജാരി കൊടുത്ത ഭക്ഷണം സ്വീകരിക്കാത്തവരുടെ കഷ്ടത മനസ്സിലാക്കിത്തരുന്ന തോടൊപ്പം, ജ്ഞാനസമ്പാദനത്തിന് ഗുരു അത്യന്താപേക്ഷിതമാണെന്നും ബാബ നമ്മെ പഠിപ്പിച്ചു. തൈത്തിരിയ ഉപനിഷത്ത് മാതാ പിതാ ഗുരു എന്നിവരെ പൂജിക്കാനും വേദങ്ങൾ പഠിക്കാനും പറയുന്നുണ്ട്. ഇതെല്ലാം മനഃശുദ്ധിയുണ്ടാക്കാനാണ്. മനഃശുദ്ധിയില്ലാത്തവർക്ക് ആത്മവിജ്ഞാനം അസാദ്ധ്യമാകുന്നു. മനോബുദ്ധ്യാഹങ്കാര ങ്ങളൊന്നും ആത്മനിലെത്തുന്നില്ല. തെളിവുകളോ, പരിശോധനകളോ, അനുമാനങ്ങളോ നമ്മെ ഇതിൽ സഹായി

ക്കുന്നില്ല. ഗുരുവിന്റെ അനുഗ്രഹം മാത്രമാണ് കണക്കിലെടുക്കാനുള്ളത്. ധർമ്മാർത്ഥ കാമങ്ങളെല്ലാം അദ്ധ്വാനം കൊണ്ട് ലഭ്യമാകുന്ന വയാണ്. പക്ഷെ നാലാമത്തെ ഉപാധിയായ മോക്ഷം ഗുരുവിന്റെ സഹായം കൊണ്ടുമാത്രമേ ലഭ്യമാകൂ.

ശ്രീ സായിനാഥന്റെ ദർബാറിൽ പലരും വന്ന് അവരുടെ കടമകൾ നിർവ്വഹിക്കലുണ്ട്. ജ്യോത്സന്മാർ വന്ന് ഫലം പറയും. രാജാക്കന്മാരും, പ്രഭുക്കന്മാരും, സാധാരണക്കാരും, പാവങ്ങളും, സന്യാസിമാരും, യോഗിമാരും, സംഗീതജ്ഞന്മാരും മറ്റു പലരും ദർശനത്തിനായി വരുന്നു. ഒരു യോഗിപോലും വന്ന് നമസ്കരിച്ച് സായിയാണ് യഥാർത്ഥ മാതാപിതാക്കൾ എന്നും ജനനമരണങ്ങളിൽ നിന്ന് മോചിപ്പിക്കാൻ മറ്റാരുമില്ലെന്നും പറഞ്ഞു. പലതരം കളിക്കാരും, നാടകക്കാരും, നാട്യക്കാരും, അന്ധന്മാരും, മുടന്തന്മാരും, മറ്റു പലരും അവിടെ വന്ന് ഓരോരുത്തർക്കും അനുയോജ്യമായ വിധം സ്വീകരിക്കപ്പെടുന്നു. അതുപോലെ വനജാരിയും അയാൾക്ക് വിധിച്ച കർമ്മം നിർവ്വഹിച്ചെന്നേയുള്ളു. നമുക്ക് അടുത്ത കഥയിലേക്ക് പ്രവേശിക്കാം.

**നിരാഹാരവും മിസ്സിസ് ഗോഖലെയും**

ബാബ ഒരിക്കലും നിരാഹാരമനുഷ്ഠിക്കുകയോ മറ്റുള്ളവരെ നിരാഹാരം അനുഷ്ഠിക്കാൻ അനുവദിക്കുകയോ ചെയ്തിരുന്നില്ല. നിരാഹാരം അനുഷ്ഠിക്കുന്നവന് ഒരിക്കലും മനഃശാന്തിയുണ്ടാവില്ല. പിന്നെ എങ്ങിനെ അയാൾ പരമാർത്ഥം മനസ്സിലാക്കും? വിശക്കുന്നവയറുമായി ദൈവത്തെ അറിയാൻ കഴിയില്ല. ആദ്യം ആത്മാവിനെ തൃപ്തിയാക്കണം. ഭക്ഷണത്തിലെ പോഷണം സിദ്ധിച്ചില്ലെങ്കിൽ ഏതു കണ്ണുകൊണ്ട് ദൈവത്തെകാണും, ഏതു നാക്കുകൊണ്ട് ദൈവത്തിന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കും. ഏതു

കാതുകളെക്കൊണ്ട് അവ കേൾക്കും? ചുരുക്കത്തിൽ എല്ലാ അവയവങ്ങൾക്കും വേണ്ട പോഷകാംശങ്ങൾ കിട്ടിയാലെ നമുക്കു ഏതു സാധനയും ചെയ്യാൻ കഴിഞ്ഞു ദൈവത്തെ അറിയാൻ സാധിക്കൂ. അതുകൊണ്ട് നിരാഹാരവും അമിതാഹാരവും നല്ലതല്ല. ഭക്ഷണത്തിൽ ക്രമംപാലിക്കുന്നത് ശരീരത്തിനും നല്ലതാണ്. മിസ്സിസ് ഗോഖലെ എന്നു പേരായ ഒരു സ്ത്രീയെ മിസ്സിസ് കാശി ബായ് കാനിത്കാർ എന്നിവരിൽ നിന്നും ദാദാകേൽക്കർക്കു പരിചയപ്പെടുത്താനുള്ള ഒരു കത്തുമായി ഷിർദ്ദിയൽ വന്നു. അവർ ബാബയുടെ കാല്ക്കൽ മൂന്നുദിവസം ഉപവാസമിരിക്കാൻ തീരുമാനിച്ചാണ് വന്നത്. തലേന്നുതന്നെ ദാദാകേൽക്കറോട് ബാബ, താൻ ഹോളി ഉത്സവക്കാലത്ത് ആരും പട്ടിണികിടക്കാൻ അനുവദിക്കില്ലെന്നും, അവർക്ക് പട്ടിണിയാണെങ്കിൽ താൻ എന്തിനാണിവിടെ എന്നും ചോദിച്ചിരുന്നു. പിറ്റേന്ന് ഈ സ്ത്രീ ദാദാകേൽക്കറോട് കൂടിവന്നു ബാബയുടെ കാൽക്കൽ ഇരുന്ന ഉടനെ ബാബ അവരോട് 'എന്താണ് പട്ടിണി കിടക്കുന്നതിന്റെ ആവശ്യം? ദാദാഭട്ടിന്റെ വീട്ടിൽപോയി പുരൻപോളിയുണ്ടാക്കി അയാളുടെ കുട്ടികൾക്ക് കൊടുത്ത് നീയും കഴിക്കണം' എന്ന് പറഞ്ഞു. ഹോളി ഉത്സവക്കാലമാണ്. കേൽക്കറിന്റെ ഭാര്യ ഋതുവായി രുന്നതിനാൽ അവിടെ ഭക്ഷണം പാകം ചെയ്യാനാരു മില്ലായിരുന്നു. അപ്പോൾ സായിബാബയുടെ ഉപദേശം അവസരോചിതമായിരുന്നു. മിസ്സിസ് ഗോഖലെ നിർദ്ദേശിച്ച പ്രകാരം, ദാദാഭട്ടിന്റെ വീട്ടിൽപോയി പലഹാരമുണ്ടാക്കി കുട്ടികൾക്കും കൊടുത്ത് അവരും ഭക്ഷിച്ചു. എന്തൊരു നല്ല കഥ, എന്ത് സുന്ദരമായ തത്വം!

## ബാബയുടെ സർക്കാർ

ബാബ താഴെ വിവരിക്കും പ്രകാരം തന്റെ കുട്ടിക്കാലത്തെ ഒരു കഥ പറഞ്ഞു. 'ഞാൻ കുട്ടിയായിരി ക്കുമ്പോൾ ഭക്ഷണം

അന്വേഷിച്ച് ബീഡ്ഗോമിൽ ചെന്നു. അവിടെ എനിക്കൊരു തുന്നൽ പണി കിട്ടി. ഞാൻ വളരെ കഠിനാദ്ധ്വാനം ചെയ്തു പണിയെടുത്തു. മുതലാളിക്ക് എന്നിൽ സന്തോഷമായി. എന്റെ മുമ്പെ മൂന്നുകുട്ടികൾ അവിടെ പണിക്കാരായുണ്ടായിരുന്നു. ഒരുത്തന് 50 രൂപയും രണ്ടാമത്തവന് 100കയും മൂന്നാമന് 150കയും ശമ്പളമായിരുന്നു. എനിക്ക് ഇതെല്ലാം ചേർന്നതിന്റെ ഇരട്ടിയായ 600 കയും കിട്ടി. എന്റെ പ്രവൃത്തിയിലുള്ള സാമർത്ഥ്യം കണ്ട് മുതലാളി എന്നെ സ്നേഹിക്കുകയും പുകഴ്ത്തുകയും ചെയ്തതിന് പുറമെ ഉടുപ്പും തലക്കെട്ടും, ഷർട്ടും തന്ന് ആദരിക്കുകയും ചെയ്തു. ഞാൻ ഈ വസ്ത്രങ്ങൾ ഉപയോഗിക്കാതെ വെച്ചു. മനുഷ്യൻ തന്നത് അപൂർണ്ണവും അസ്ഥിരവുമാണെന്ന് ഞാൻ ചിന്തിച്ചു. പക്ഷെ എന്റെ സർക്കാർ (ദൈവം) തരുന്നത് കാലാകാലം നിലനിൽക്കും. മറ്റാരിൽ നിന്നുമുള്ള സമ്മാനവും അതിന് തുല്യമല്ല എന്റെ സർക്കാർ' എടുത്തോ എടുത്തോ' എന്നു പറയുന്നു. പക്ഷെ എല്ലാവരും എന്റെ അടുക്കൽ വന്ന് 'തരുക, തരുക' എന്നു യാചിക്കുന്നു. ഞാൻ പറയുന്നതിന്റെ അർത്ഥം മനസ്സിലാക്കാൻ ആരും മെനക്കെടുന്നില്ല. എന്റെ സർക്കാറിന്റെ ഖജാന നിറഞ്ഞ് വഴിയുകയാണ്. ഞാൻ പറയുകയാണ് 'ഈ ധനം കോരി വണ്ടിക്കണക്കിനു കൊണ്ടുപോവിൻ. അമ്മ പെറ്റ മക്കളെല്ലാം ഈ ധനം കൊണ്ട് തന്നത്താൻ നിറഞ്ഞിരിക്കണം എന്ന്. എന്റെ ഫക്കീറിന്റെ ചാതുര്യം എന്റെ ഭഗവാന്റെ ലീല, എന്റെ സർക്കാറിന്റെ പ്രീതി, അത് ഒന്നു പ്രത്യേകം തന്നെയാണ്. ഞാനോ? ശരീരം മണ്ണിലും ശ്വാസം വായുവിലും ലയിക്കുന്നു. ഈ അവസരം ഇനിയുണ്ടാവില്ല. ഞാൻ എവിടെയോ പോവുന്നു. എവിടെയോ ഇരിക്കുന്നു. മായ എന്നെ വല്ലാതെ അലട്ടുന്നു. എന്നിട്ടും ഞാൻ എന്റെ ആൾക്കാരെക്കുറിച്ച് വ്യാകുലപ്പെടുന്നു.

ആരെങ്കിലും എന്തെങ്കിലും ചെയ്താൽഅതിന്റെ ഫലം അവർക്കു കിട്ടും. ഞാനീ പറയുന്ന വാക്കുകൾ സ്മരിക്കുന്ന വർക്ക് അമൂല്യമായ ആനന്ദം കൈവരും’.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!